# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 171

18/03/2013 - ൽ മറുപടിക്ക്

## അഷ്ടമുടിക്കായലിനെ മാലിന്യവിമുക്തമാക്കുന്നതിന് പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. പി.കെ. ഗുരുദാസൻ | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) : |
| എ) അഷ്ടമുടിക്കായലിനെ മാലിന്യവിമുക്തമാക്കുന്നതിനും, കൈയ്യേറ്റങ്ങൾ തടഞ്ഞ് തീരദേശ മത്സ്യബന്ധനത്തിന് ഉപയുക്തമാക്കുന്നതിനും ഫിഷറീസ് വകുപ്പ് വഴി എന്തെങ്കിലും പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇല്ലെങ്കിൽ പദ്ധതി നടപ്പിലാക്കുന്നതിനു നടപടി സ്വീകരിക്കുമോ; | എ) അഷ്ടമുടിക്കായലിനെ മാലിന്യവിമുക്തമാക്കുന്നതിന് നിലവിൽ പദ്ധതികളൊന്നും ഫിഷറീസ് വകുപ്പ് നടപ്പിലാക്കുന്നില്ല. അഷ്ടമുടിക്കായലിന്റെ സംരക്ഷണത്തിനായി ജില്ലാ പഞ്ചായത്ത്, ഫിഷറീസ് വകുപ്പ് തുടങ്ങി ബന്ധപ്പെട്ട മറ്റ് വകുപ്പുകളുടെ സംയുക്താഭിമുഖ്യത്തിൽ പദ്ധതികൾ നടപ്പിലാക്കുന്നതിന് പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. അഷ്ടമുടിക്കായലിന്റെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനും തനത് മത്സ്യങ്ങൾക്ക് വംശനാശം സംഭവിക്കാതിരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഇപ്പോൾ ഫിഷറീസ് വകുപ്പ് നടപ്പിലാക്കുന്നുണ്ട്. |
| ബി) നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ കായൽ സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | ബി) കായൽ സംരക്ഷണത്തിന് ഫിഷറീസ് വകുപ്പിന് മാത്രമായി നടപടി സ്വീകരിക്കാനാകില്ല. നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ കായൽ സംരക്ഷണത്തിന് നിലവിൽ പ്രോജക്ടുകൾ ഒന്നും നടപ്പിലാക്കി വരുന്നില്ല. |

സെക്ഷൻ ഓഫീസർ.